Uncorrected/Not for publication
08-10-2025

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 09.50-ന് നിർത്തിവച്ച സഭ 10.06-ന് പുനരാരംഭിച്ചു)

മി. സ്പീക്കർ: എല്ലാവരും സീറ്റിലിരിക്കണം. പ്ലീസ്....പ്ലീസ്...

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സഭാനടനടികൾ സ്തംഭിപ്പിക്കുന്നത് (....ബഹളം....)

മി. സ്പീക്കർ: യെസ്...അദ്ദേഹം പറയട്ടെ.

ശ്രീ. വി. ഡി. സതീശൻ: സഭാനടപടികൾ സ്തംഭിപ്പിക്കുന്നത് സഭയുടെ ചരിത്രത്തിൽ ആദ്യമായിട്ടല്ല. ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് ആറ് പ്രാവശ്യം അന്നത്തെ പ്രതിപക്ഷം ചോദ്യോത്തരവേള സ്തംഭിപ്പിച്ചിട്ടുണ്ട്. ഇത് ആദ്യമായിട്ടൊന്നുമല്ല. (....ബഹളം....)

മി. സ്പീക്കർ: പ്ലീസ്..പ്ലീസ്...അങ്ങ് പറയൂ.

ശ്രീ. വി. ഡി. സതീശൻ: എത്രയോ വർഷങ്ങൾക്കുശേഷം, ഇപ്പോഴാണ് പ്രതിപക്ഷം സഭാനടപടികൾ സ്തംഭിപ്പിച്ച് സമരം ചെയ്യുമ്പോൾ പ്രതിപക്ഷാംഗങ്ങളെ നേരിടാൻ പോലീസിനെ, വാച്ച് ആൻഡ് വാർഡിനെ ഇറക്കിയിരിക്കുന്നത്. എന്നിട്ടും ഞങ്ങൾ പ്രകോപനമുണ്ടാക്കിയില്ല. ഞങ്ങളുടെ വനിത അംഗങ്ങളെവരെ ഇവർ തള്ളിമാറ്റി. (....ബഹളം....)

എന്നിട്ടും ഞങ്ങൾ പ്രകോപനമുണ്ടാക്കിയില്ല. മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നാണ് പ്രകോപനമുണ്ടായത്.

മി. സ്പീക്കർ: നോ..നോ.. അങ്ങനെ പറയരുത് (....ബഹളം....) പ്ലീസ് കൺക്ലൂഡ്... അങ്ങ് എന്താണുദ്ദേശിക്കുന്നതെന്ന് പറയൂ...

ശ്രീ. വി. ഡി. സതീശൻ: ഞങ്ങൾ അദ്ദേഹത്തോട് മാന്യമായാണ് പെരുമാറുന്നത്. പക്ഷേ ശ്രീ. മുഹമ്മദ് റിയാസ്, ശ്രീ. സജി ചെറിയാൻ എന്നീ മന്ത്രിമാരുടെ നേതൃത്വത്തിലാണ് ആദ്യം വെല്ലിൽ ഇറങ്ങി ഞങ്ങളെ കായികമായി നേരിട്ടത്......(ബഹളം)........

മി. സ്പീക്കർ: വെല്ലിൽ ഇറങ്ങിയിട്ടില്ല......(ബഹളം)........

ശ്രീ. വി. ഡി. സതീശൻ: നിങ്ങളാണോ തീരുമാനിക്കുന്നത്; നിങ്ങൾ കള്ളം പറയരുത്. നിങ്ങൾ ആ കസേരയിലിരുന്ന് കള്ളം പറയരുത്. ഞങ്ങൾ ഈ സഭാനടപടികൾ ബഹിഷ്കരിക്കുകയാണ്. (....ബഹളം....)

(ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ സഭാനടപടികൾ ബഹിഷ്കരിച്ച് പുറത്തുപോയി)

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഇന്ന് രാവിലെ ബഹുമാന്യനായ സ്പീക്കർ

കക്ഷിനേതാക്കളുടെ യോഗം വിളിച്ചുചേർത്തത് സഭ സുഗമമായി നടത്തിക്കൊണ്ടുപോകുന്നതിനുവേണ്ടിയാണ്. അങ്ങ് വിളിച്ച യോഗം ബഹിഷ്കരിച്ചവരാണ് പ്രതിപക്ഷം. എന്താണ് പ്രതിപക്ഷത്തിന്റെ ഉദ്ദേശ്യമെന്നും നേരത്തെ തയ്യാറാക്കിയ തിരക്കഥ എന്താണെന്നുള്ളതിനും അതിനെക്കാൾ കൂടുതൽ തെളിവ് ആവശ്യമില്ല. ഇന്ന് പ്രതിപക്ഷ നേതാവാണ് ശ്രീ. എ. പി. അനിൽ കുമാറിനെയും ശ്രീ. ടി. സിദ്ദിഖിനെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ആക്രമിക്കാൻ പറഞ്ഞയച്ചത്. പ്രതിപക്ഷം എല്ലാ പ്രകോപനവും സൃഷ്ടിച്ചിട്ടും ഭരണപക്ഷം വളരെ ശാന്തമായി, ഒരു പ്രകോപനവുമില്ലാതെ ചോദ്യങ്ങൾ ചോദിക്കുകയും മന്ത്രിമാർ മറുപടി പറഞ്ഞുകൊണ്ടിരിക്കുകയുമായിരുന്നു. ഒരാൾപോലും സീറ്റിൽനിന്ന് അനങ്ങിയിരുന്നില്ല. അപ്പോഴാണ് പ്രതിപക്ഷനേതാവ് ശ്രീ. എ. പി. അനിൽ കുമാറിനെയും ശ്രീ. ടി. സിദ്ദിഖിനെയും മുഖ്യമന്ത്രിയെ ആക്രമിക്കാൻ അദ്ദേഹത്തിന്റെ മുമ്പിലേക്ക് പറഞ്ഞയയ്ക്കുന്നത്. ഇത് കേട്ടുകേൾവിയുള്ളതാണോ; മുഖ്യമന്ത്രിയുടെ മുമ്പിൽ വന്നുനിന്ന് അദ്ദേഹത്തെ ആക്രമിക്കുന്നതും അധിക്ഷേപിക്കുന്നതും ഈ സഭയുടെ ചരിത്രത്തിൽ ഉണ്ടായിട്ടുള്ളതാണോ? ക്രിയാത്മക

പ്രതിപക്ഷമായിരിക്കുമെന്ന് പ്രതിപക്ഷനേതാവ് മുമ്പ് പറഞ്ഞു. എന്നാൽ ആക്രമണാത്മക പ്രതിപക്ഷമായി മാറിയതാണ് നാം കണ്ടത്. മാത്രമല്ല, ശ്രീമതി ഉമ തോമസിനെപ്പോലെ, ഗുരുതര പരിക്കേറ്റ് ഇപ്പോഴും ചികിത്സക്ക് വിധേയയായിക്കൊണ്ടിരിക്കുന്ന ഒരാളെ മനുഷ്യകവചമായി ഉപയോഗിച്ചാണ് ഈ ആക്രമണപദ്ധതി ആവിഷ്കരിച്ചത്. മനുഷ്യകവചമായി അവരെ ഉപയോഗിക്കുന്ന ഹൃദയശൂന്യമായ, രാഷ്ട്രീയലാഭത്തിനുവേണ്ടി എന്തും ചെയ്യുന്ന പ്രതിപക്ഷത്തെയും പ്രതിപക്ഷനേതാവിനെയുമാണ് നാം ഈ സഭയിൽ കണ്ടത്. ഇത് സഭയുടെ ചരിത്രത്തിലെ തീരാക്കളങ്കമാണ്. ഇത് നമ്മൾ ആരും ഇതുവരെ കണ്ടിട്ടില്ല. ഒരു സ്ത്രീയെ, അതും ചികിത്സയ്ക്ക് വിധേയയായിക്കൊണ്ടിരിക്കുന്ന ബഹുമാന്യയായ ഒരു വനിത അംഗത്തെ, ഈ ആക്രമണത്തിന് മുമ്പിൽ നിർത്തുന്നത് നീചമായ സമീപനമാണ്. അത് അങ്ങും പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ടാകുമെന്നാണ് ഞാൻ കരുതുന്നത്. പ്രതിപക്ഷത്തിന്റെ ഈ സമീപനം അപലപനീയമാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അങ്ങേയറ്റത്തെ സംയമനത്തോടെയാണ് അങ്ങ് ഈ പ്രശ്നങ്ങൾ കൈകാര്യം ചെയ്തത്. രണ്ടുദിവസമായി പ്രതിപക്ഷം സഭാനടപടികൾ തടസ്സപ്പെടുത്തുന്നു.

രണ്ടുദിവസവും ഒരു തരത്തിലുള്ള പ്രകോപനവും ഭരണപക്ഷത്തുനിന്ന് ഉണ്ടായില്ല. മാത്രമല്ല, സഭ നടത്തിക്കൊണ്ടുപോകുന്നതിന് വലിയതോതിൽ സഹായകരമായ നിലപാടാണ് അങ്ങ് സ്വീകരിച്ചത്. അങ്ങയുടെ തുടർച്ചയായ അഭ്യർഥന അവർ സ്വീകരിക്കാൻ തയ്യാറായില്ല. ഏറ്റവും വലിയ പ്രത്യേകത, അങ്ങയുടെ മുഖം ഞങ്ങളാരും കാണാതിരിക്കുന്നതിനായി സ്പീക്കറുടെ സീറ്റ് മറച്ചുപിടിച്ചത് പ്രതിപക്ഷം ബോധപൂർവം ചെയ്ത ഒരു കാര്യമാണ്. ബോധപൂർവം അങ്ങയെ സഭയുടെ മുന്നിൽനിന്ന് മറയ്ക്കുകയായിരുന്നു. കേരളത്തിൽ ഇതിനുമുമ്പ് ഈ രീതിയിൽ നടന്നിട്ടില്ല. നമ്മുടെ രാജ്യത്ത് പലയിടങ്ങളിലും പല തരത്തിലുള്ള പാർലമെന്ററി പ്രതിഷേധങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. രാജ്യത്ത് ഒരിടത്തും ബഹുമാനപ്പെട്ട സ്പീക്കറെ പൂർണ്ണമായും സഭയുടെ ദൃശ്യത്തിൽനിന്ന് മറച്ചുപിടിക്കുന്ന തരത്തിൽ ഒരു പ്രവർത്തനം ഏതെങ്കിലും പ്രതിപക്ഷം നടത്തിയതായി ഇതേവരെ കണ്ടിട്ടില്ല. പലപ്പോഴും പലരൂപത്തിലുള്ള പ്രതിഷേധങ്ങൾ പ്രകടിപ്പിക്കപ്പെടാറുണ്ട്. പക്ഷേ അതിൽനിന്നെല്ലാം വേറിട്ട നടപടികൾ പ്രതിപക്ഷം സ്വീകരിച്ചപ്പോൾ അവരുമായി ചർച്ച ചെയ്ത് സമവായമുണ്ടാക്കാൻ കഴിയുമോ എന്ന നിലപാടാണ് അങ്ങ് കൈക്കൊണ്ടത്.

അതിന്റെ ഭാഗമായിരിക്കാം ഇന്ന് രാവിലെ 8.30-ന് യോഗം ചേരാൻ അങ്ങ് ഞങ്ങളെയെല്ലാവരെയും വിളിച്ചത്. ഭരണപക്ഷത്തുള്ള കക്ഷിനേതാക്കളെല്ലാം അങ്ങയുടെ അറിയിപ്പനുസരിച്ച് 8.30-ന് അവിടെ എത്തിച്ചേർന്നു. അവിടെ പ്രതിപക്ഷത്തെ കാണാതിരുന്നപ്പോൾ അതന്വേഷിച്ച് അങ്ങയുടെ ഓഫീസിൽനിന്ന് പ്രതിപക്ഷനേതാവിനെ ബന്ധപ്പെട്ടപ്പോഴാണ്, 'ഞങ്ങൾ പങ്കെടുക്കുന്നില്ല, ബഹിഷ്കരിക്കുന്നു' എന്ന് പറയുന്നത്. ഒരുതരത്തിലുള്ള സമവായത്തിനും പ്രതിപക്ഷം തയ്യാറല്ല എന്നതിന്റെ വ്യക്തമായ സന്ദേശമാണത്. അവരുടെ ആവശ്യം എന്താണെന്നുള്ളതാണ് ഇവിടെ പ്രധാനം. ഈ സഭയിൽ രണ്ടുദിവസമായി ഇത്തരത്തിൽ സഭാനടപടികളാകെ, ചോദ്യോത്തരവേളയടക്കം സ്തംഭിപ്പിച്ചുകൊണ്ടുള്ള പ്രതിഷേധം പ്രതിപക്ഷം ഉയർത്തുമ്പോൾ എന്താണ് അവരുടെ ആവശ്യം; പാർലമെന്ററി രീതിയനുസരിച്ച് ഏത് പ്രതിപക്ഷത്തിനും സഭയിൽ ആവശ്യങ്ങൾ ഉന്നയിക്കാം. എന്താണ് നിങ്ങളുടെ ആവശ്യമെന്ന് അങ്ങ് പലവട്ടം ചോദിച്ചല്ലോ; ഇതുവരെ അവരത് ഉന്നയിക്കാൻ തയ്യാറായോ; അവർ ഉന്നയിക്കുന്ന ഏത് പ്രശ്നത്തിനും വിശദീകരണം നൽകാനും മറുപടി പറയാനും ഞങ്ങൾ തയ്യാറാണല്ലോ; എന്തിനാണ് അവർ ഭയപ്പെടുന്നത്?

Uncorrected/Not for publication
08-10-2025

അവർ ഇവിടെ ഉയർത്തിയ ചില ബോർഡുകളിൽ 'സഭയിൽ ഭയം' എന്ന് എഴുതിയിരിക്കുന്നത് കാണാൻ കഴിഞ്ഞു. അത് സ്വയമേവ അവർക്കുള്ള ഭയമല്ലേ; ആ ഭയത്തിന്റെ ഭാഗമായല്ലേ അവർ ഇവിടെ ഒരു പ്രശ്നവും ഉന്നയിക്കാതിരുന്നത്? ചോദ്യോത്തരവേള, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം, ശ്രദ്ധക്ഷണിക്കൽ, സബ്മിഷൻ എന്നിവയിലൂടെ പ്രശ്നങ്ങൾ ഉന്നയിക്കാൻ പല മാർഗങ്ങളുണ്ട്. ഇതിനെല്ലാം പുറമെ പല ഘട്ടങ്ങളിലായി പ്രതിപക്ഷനേതാവ് അദ്ദേഹത്തിന്റെ പ്രത്യേക അവകാശം ഉപയോഗിച്ചുകൊണ്ട്, അങ്ങയുടെ അനുമതിയോടുകൂടി പല കാര്യങ്ങളും ഇവിടെ ഉന്നയിക്കാറുണ്ട്. അങ്ങനെയുള്ള ഏതെങ്കിലുമൊരു മാർഗം സ്വീകരിക്കാൻ ഇതുവരെ അവർ തയ്യാറായോ; അവർ എന്താണ് ചെയ്യുന്നത്; അവർ വസ്തുതകളെ ഭയപ്പെടുന്നു. അവർക്ക് വിഷമകരമായ രീതിയിൽ വസ്തുതകൾ ഉയർന്നുവരും. അത് ഭയപ്പെട്ടുകൊണ്ട് സഭയിൽ ഒന്നും ഉന്നയിക്കാൻ തയ്യാറാകാതെ ഒരു പുകമറ സൃഷ്ടിക്കാനാണ് ശ്രമിക്കുന്നത്. അവർക്കതിന് അവരുടേതായ രീതികളുണ്ട്. ആ രീതികൾക്കനുസരിച്ച് അവരോട് ചേർന്നുനിൽക്കുന്ന മറ്റ് സംവിധാനങ്ങളുമുണ്ട്. അത്തരത്തിലുള്ള ഒരു പുകമറയും ഞങ്ങൾ ഭയപ്പെടുന്നില്ല. വസ്തുതകൾ വസ്തുതകളായി

അവതരിപ്പിക്കാൻ ഞങ്ങൾ തയ്യാറാണ്. ശബരിമലയുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ഒരു കാര്യമാണ് അവരിവിടെ ഉന്നയിച്ചുകൊണ്ടിരിക്കുന്ന പ്രശ്നം. അതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിശോധന നടക്കാനിടയായി. ഈ വിഷയത്തിൽ കൃത്യമായ പരിശോധനയും അന്വേഷണവും നടക്കണമെന്ന നിലപാടാണ് ദേവസ്വംബോർഡും ദേവസ്വം വകുപ്പും ഞങ്ങളാകെയും ഹൈക്കോടതിയിൽ സ്വീകരിച്ചത്. ഞങ്ങൾ ഒരുകാലത്തും ഒരുതരത്തിലുള്ള കുറ്റവാളികളെയും സംരക്ഷിക്കാൻ തയ്യാറായിട്ടില്ല. തെറ്റ് ചെയ്തവർക്കെതിരെ മുഖം നോക്കാതെ നടപടിയെടുക്കുന്ന രീതിയും ശീലവുമാണ് ഞങ്ങൾക്കുള്ളത്. അതുകൊണ്ടുതന്നെ ഹൈക്കോടതിയിൽ ഇക്കാര്യങ്ങൾ വന്നപ്പോൾ ഞങ്ങളും ദേവസ്വംബോർഡും ദേവസ്വം വകുപ്പും അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി ഹൈക്കോടതി നിശ്ചയിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷണം നടത്തുന്നതാണ്. ഇവരുടെ ഡിമാൻഡ് എന്താണെന്ന് ഇവിടെ പറയുന്നില്ല. പക്ഷെ, അന്വേഷണം നടത്തേണ്ടത് സി.ബി.ഐ.-ആണെന്ന് അവർ ഉയർത്തിയ ഒരു ബോർഡിൽ എഴുതിയിരിക്കുന്നത് കണ്ടു. അതിന്റെ പിന്നിലുള്ള രാഷ്ട്രീയത്തിന്റെ

ഭാഗമായി ഉയർന്ന മുദ്രാവാക്യമാണത്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദേശമനുസരിച്ച് ലാ ആൻഡ് ഓർഡർ ഡി.ജി.പി.-യുടെ നേതൃത്വത്തിലുള്ള ഒരു സ്പെഷ്യൽ ടീമാണ് അന്വേഷണം നടത്താൻ തയ്യാറായിട്ടുള്ളത്. ആ അന്വേഷണം കുറ്റമറ്റരീതിയിൽ നടക്കും, ഒരു കുറ്റവാളിയും രക്ഷപ്പെടാൻ പോകുന്നില്ല. അതെല്ലാം കണ്ടപ്പോൾ തങ്ങളുടെ കൈയിൽ ഒന്നും പറയാനില്ലാത്തതിനാൽ ഇങ്ങനെ ചില രീതികൾ കാണിക്കുകയെന്നതാണ് ഇവർ ചെയ്യുന്നത്. ഇവിടെ നടന്ന കാര്യത്തെക്കുറിച്ച് ബഹുമാന്യനായ തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഞാൻ ഇവിടെ നടന്നതൊക്കെ കാണുകയായിരുന്നു. ഇതിനിടയിൽ ഞാൻ അങ്ങയുടെ റൂമിലേക്ക് പോയി സഭയിലേക്ക് തിരികെ വന്നപ്പോൾ കാണുന്നത്, ഇവിടെ പലരും സൂചിപ്പിച്ചതുപോലെ, സുപ്രീംകോടതിയിൽ പോയി തിരിച്ചടി ഏൽക്കേണ്ടിവന്ന ബഹുമാന്യനായ ഒരു പ്രതിപക്ഷാംഗം അവിടെ നിൽക്കുന്നതാണ്. എന്താണ് അദ്ദേഹം അവിടെ നിൽക്കുന്നതെന്ന് ഞാൻ ആശ്ചര്യപ്പെട്ടു. അങ്ങോട്ട് കയറാനുള്ള രീതിയിലായിരുന്നു അദ്ദേഹം അവിടെ നിന്നിരുന്നത്. ഞാൻ ഇവിടെ വന്നിരുന്ന് കുറച്ചുകഴിഞ്ഞപ്പോൾ

അദ്ദേഹം പതിയെ  അവിടേയ്ക്ക് ചാടി കയറുന്ന നിലവന്നു. അതിനൊപ്പം രണ്ടുമൂന്ന് അംഗങ്ങൾ വാച്ച് ആൻഡ് വാർഡിനെ  ആക്രമിക്കുന്ന സാഹര്യമുണ്ടായി. ഇതെല്ലാം ഞാനിവിടെയിരുന്ന് കാണുകയാണ്.  വാച്ച് ആൻഡ് വാർഡ് ആയാലും മനുഷ്യനാണല്ലോ;  മൂന്നുനാല് അംഗങ്ങൾ ചേർന്ന് പിടിച്ച് വലിക്കുമ്പോൾ  അവരുടെമേൽ വലിയ പ്രഷർ വരികയാണ്. അപ്പോൾ ഒരാൾക്ക്  വലിയ ക്ഷീണം അനുഭവപ്പെടുന്നതും ഞാൻ ഇവിടെയിരുന്ന് കാണുകയാണ്. എന്തിനാണ് ഇത്തരത്തിലുള്ള ഒരു കാര്യത്തിന്  ഇറങ്ങിത്തിരിച്ചത്; എന്തിനാണ് നിശബ്ദ ജീവികളായ വാച്ച് ആൻഡ് വാർഡിനെ ആക്രമിക്കാൻ പുറപ്പെട്ടത്; എന്തിനാണ് അവരെ തള്ളി മാറ്റാൻ നോക്കിയത്; അവരുടെ കൂടെയുള്ള വനിത വാച്ച് ആൻഡ് വാർഡിനെ തള്ളുന്ന കാഴ്ച കണ്ടതാണല്ലോ;  'എട്ട് മുക്കാൽ അട്ടി വച്ചപോലെ'[1] എന്ന് എന്റെ നാട്ടിലൊക്കെ സാധാരണയായി പറയാറുണ്ട്,  അത്രയും ഉയരം മാത്രമുള്ള ആളാണ്  വലിയതോതിൽ ആക്രമിക്കാൻ  പുറപ്പെടുന്നത്. സ്വന്തം ശരീരശേഷി അതിനൊന്നും കഴിയുന്നതല്ലെന്ന് കാണുന്ന എല്ലാവർക്കും അറിയാം. പക്ഷെ, നിയമസഭയുടെ പരിരക്ഷ വച്ചുകൊണ്ട് വാച്ച് ആൻഡ്

1 സഭാധ്യക്ഷന്റെ തീരുമാനപ്രകാരം (കെ.എൽ.എസ്./8253/2025/എഡിറ്റിങ്) പ്രകാരം സഭാ രേഖകളിൽ നിലനിർത്തി.

വാർഡിനെ, വനിത വാച്ച് ആൻഡ് വാർഡിനെയുൾപ്പെടെ ആക്രമിക്കാൻ തയ്യാറാവുകയാണ്. ഇതെല്ലാം അപമാനകരമല്ലേ? ഇത്തരം അവസരങ്ങളിൽ സാധാരണഗതിയിലുള്ള പാർലമെന്ററി നടപടിക്രമമെന്താണെന്ന് അറിയാത്തവരല്ല ഞങ്ങളാരും. ആ നടപടിക്രമത്തിലേയ്ക്കൊന്നും ഞങ്ങളോ അങ്ങോ നീങ്ങാത്തതിന് കാരണം സഭാനടപടികൾ ക്രമമായി നടന്നുപോകട്ടെ എന്ന ഉയർന്ന ജനാധിപത്യബോധവും പാർലമെന്ററി ജനാധിപത്യ രീതികളും സ്വീകരിക്കുന്നതുകൊണ്ടാണ്. പക്ഷെ, അത് ഒരു ദൗർബല്യമായി കണ്ട് പ്രതിപക്ഷം എല്ലാ അവസരങ്ങളും ഉപയോഗിക്കുകയാണ്. ഇത് തീർത്തും അപലപനീയവും ഒരു തരത്തിലും അംഗീകരിക്കാൻ കഴിയാത്തതുമാണ്. മറ്റ് കാര്യങ്ങളിലേക്ക് ഞാനിപ്പോൾ കടക്കുന്നില്ല. ഇക്കാര്യത്തിൽ ഉചിതമായ നിലപാട് അവർ കൂടിയുള്ളപ്പോൾ സഭ മുമ്പാകെ അങ്ങ് വ്യക്തമാക്കുമെന്നാണ് ഞാൻ കരുതുന്നത്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ കാര്യങ്ങൾ പരാമർശിച്ചു. ജനാധിപത്യത്തിൽ ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും മാത്രമല്ല സ്പീക്കർക്കും ചെയറിനും അവകാശങ്ങളുണ്ട്. സ്പീക്കർക്ക് അംഗങ്ങളെ കാണുക, അംഗങ്ങൾക്ക് തിരിച്ച് സ്പീക്കറെ കാണുക എന്നത്

സ്പീക്കറുടെ അവകാശമാണ്. നിർഭാഗ്യവശാൽ കഴിഞ്ഞ രണ്ടുദിവസങ്ങളിലും സ്പീക്കറുടെ മുഖം പൂർണ്ണമായും മറച്ചുകൊണ്ടാണ് പ്രതിഷേധം രേഖപ്പെടുത്തിയത്. സ്പീക്കർ പദവിയുടെ കോൺസ്റ്റിറ്റ്യൂഷണൽ ഒബ്ലിഗേഷന്റെ ഭാഗമായാണ് സഭാ സമ്മേളനം നടത്താൻ ശ്രമിച്ചത്. സഭാ സമ്മേളനം പൂർണ്ണമായും തടസ്സപ്പെടുത്താതിരിക്കുന്നതിനായി ഇന്ന് രാവിലെ 8.30-ന് കക്ഷി നേതാക്കളുടെ യോഗം വിളിച്ച് സമവായമുണ്ടാക്കാൻ ശ്രമിച്ചെങ്കിലും പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് ആരും പങ്കെടുത്തില്ല. സഭ നടത്തണമെന്ന് ഗവൺമെന്റ് ആവശ്യപ്പെട്ടാൽ നടത്തേണ്ട ഉത്തരവാദിത്തം ചെയറിനുണ്ട്. അതിന്റെ ഭാഗമായാണ് ഇന്ന് വാച്ച് ആൻഡ് വാർഡിനെ ഫ്ലോറിൽ നിയോഗിച്ചത്. സഭാ സമ്മേളനം നടത്തുന്നതിനുവേണ്ടി അവർ വളരെ ശാന്തരായി പ്രതിപക്ഷത്തോട് സഹകരിക്കുകയായിരുന്നു. പക്ഷെ ഒരു തരത്തിലും സഹകരിക്കാതെ മറ്റ് വിഷയങ്ങളിലേക്ക് പോകുന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിച്ചത്. ഇത് ജനാധിപത്യത്തിന് ഭൂഷണമല്ല. ഇന്നലെയും ഇന്നുമായി കേരളത്തിന്റെ പല ഭാഗത്തുനിന്നും നിരവധി വിദ്യാർഥികൾ സഭാ സമ്മേളനം കാണാൻ വന്നിരുന്നു. വളരെയധികം നിയമങ്ങൾ നിർമ്മിക്കുന്ന, നല്ല രീതിയിൽ പ്രവർത്തിക്കുന്ന

Uncorrected/Not for publication
08-10-2025

ഒന്നാണ് കേരള നിയമസഭ സഭയാണെന്നാണ് അവർ പ്രതീക്ഷിക്കുന്നത്. നിലവിലും അങ്ങനെ തന്നെയാണ്. എന്നാൽ സ്പീക്കറുടെ മുഖം മറച്ചും സ്പീക്കർക്കെതിരെ മുദ്രാവാക്യങ്ങൾ വിളിച്ചും ആക്ഷേപിക്കുന്നതാണ് കഴിഞ്ഞ രണ്ടുദിവസങ്ങളിൽ നിർഭാഗ്യവശാൽ അവർ കണ്ടത്. ഇതല്ല കേരള നിയമസഭ, മഹാരഥന്മാർ ഇരുന്ന സഭയാണിത്. നിയമനിർമ്മാണത്തിന് പ്രത്യേകം സഭാ സമ്മേളനം ചേരുന്ന സഭയാണ് കേരള നിയമസഭ. കഴിഞ്ഞ രണ്ടുദിവസങ്ങളിലുണ്ടായ സംഭവങ്ങളെല്ലാം അങ്ങേയറ്റം നിർഭാഗ്യകരമാണ്. ഇന്നും നിർഭാഗ്യകരമായ സംഭവങ്ങൾ ഇവിടെ അരങ്ങേറി. ഭാവിയിൽ ഇത് ആവർത്തിക്കാതിരിക്കാൻ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളെല്ലാം സഭയുമായും ചെയറുമായും സഹകരിക്കണമെന്ന് അഭ്യർഥിക്കുന്നു.